മ്പോൾ തന്നെ സ്പെഷ്യൽ ഫീം. സിയ്ക്കു വേണ്ടിയുള്ള പ്രൊപ്പോസലുകൾ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണവകുപ്പിന് അയച്ചു കൊടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നടപടികൾ വഴി റോഡുകൾ വെട്ടിമുറിയ്ക്കുന്നതു മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒരളവുവരെ ലഘൂകരിക്കാനാകുമെന്ന് സർക്കാർ കരുതുന്നു.

157 (1375) തുടക്കവും ഒടുക്കവും ടെണ്ടർ ചെയ്യാതെ ഇടയ്ക്കു നിന്നും ടെണ്ടർ ചെയ്യാൻ നിയമം

ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി മാനുവൽ അനുസരിച്ച് ഒരു റോഡ് തുടക്കവും ഒടുക്കവും ടെണ്ടർ ചെയ്യാതെ, ഇടയ്ക്കു നിന്നും ടെണ്ടർ ചെയ്യാൻ നിയമം അനുശാസിക്കുന്നുണ്ടോ; എങ്കിൽ ബന്ധപ്പെട്ട നിയമം ഏതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം സ്റ്റേറ്റ് ഹൈവേകൾ ഏതെങ്കിലും ടെണ്ടർ ചെയ്തിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)പ്രത്യേകിച്ച് നിയമം അനുശാസിക്കുന്നില്ല. എന്നാൽ ഒരു റോഡിന്റെ മൊത്തം പണിക്കുവേണ്ടി ഭരണാനുമതി നൽകുകയും ആ റോഡ് ഒരുമിച്ച് പണി ചെയ്യുവാനുള്ള ഫണ്ട് ബഡ്ജറ്റിൽ വകകൊള്ളിക്കാതെ വരുകയും ചില സ്ഥലങ്ങളിൽ ആവശ്യമായ സ്ഥലം കിട്ടാതെവരുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ, ഫണ്ടിന്റെ ലഭ്യതയും സ്ഥലത്തിന്റെ ലഭ്യതയും പണികളുടെ അനിവാര്യതയും, ആവശ്യകതയും കണക്കിലെടുത്ത് റിജിയണലാക്കി തിരിച്ച് പ്രത്യേകാനുമതി തേടിയ ശേഷം, പണികൾ ഏറ്റെടുത്ത് നടത്തിവരാറുണ്ട്. ഇപ്രകാരം യുക്തമായ തീരുമാനം കൈക്കൊള്ളുന്നത് തികച്ചും നിയമാനുസൃതമായിതന്നെയാണ്. സ്റ്റേറ്റു ഹൈവേകളിൽ വരുന്ന ചില ഭാഗങ്ങളിൽ മേൽപ്രകാരം പണികൾ ഏറ്റെടുത്തിട്ടുണ്ട്.

158 (1376) ശംഖുംമുഖം ബീച്ചിൽ പുതിയ അക്കേറിയം

ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ ശംഖുംമുഖം ബീച്ചിൽ പുതിയ അക്കേറിയം നിർമ്മിക്കുന്നതിനുള്ള കെട്ടിടത്തിന്റെ പണി യാരംഭിച്ചതെന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കെട്ടിടത്തിന്റെ പണി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനുവേണ്ടി എന്തു തുക ഇതുവരെ ചെലവഴിച്ചു;

(ഡി) ഈ കെട്ടിടം എന്നത്തേയ്ക്ക് പൂർത്തിയാക്കി അക്കേറിയത്തിന്റെ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1990 ഫെബ്രുവരി.

(ബി) കെട്ടിടപ്പണിയും ജലവിതരണം സംബന്ധിച്ചുള്ള ജോലികളും പൂർത്തിയായിട്ടുള്ളതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(സി) 4,95,060/- രൂപ.

(ഡി) സർക്കാരിന്റെ അഭ്യർത്ഥനയനുസരിച്ച് അക്കേറിയം കെട്ടിടം നിർമ്മിച്ച സ്ഥലം സതേൺ എയർ കമാൻഡിനു കൈമാറ്റം നടത്തിയിട്ടുണ്ട്.

159 (1377) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രൊമോഷൻ

ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രൊമോഷൻ നടത്തുന്നതിന് ചട്ടപ്രകാരം 6:3:1 എന്ന അനുപാതം സംരക്ഷിക്കുവാൻ കോമൺ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത വിഷയത്തിലെ അപാകതകളും 'സെവൻ ടയർ' സിസ്റ്റത്തേയും ബോധിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്ക് ജീവനക്കാർ കത്തയച്ചിരുന്നുവോ; ഇതിൽ എന്ത് തീരുമാനം എടുത്തു എന്ന് വിശദമാക്കുമോ;

(സി) ഇപ്പോൾ ഒഴിവുള്ള 100-ഓളം അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ 6:3:1 അനുപാതത്തിൽ പ്രൊമോഷൻ നൽകാൻ വേണ്ട നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ഡി) 6:3:1 അനുപാതം നിലനിർത്തി പ്രൊമോഷൻ നൽകണമെന്ന കോടതി വിധി നടപ്പാക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഇ) 'സെവൻ ടയർ സിസ്റ്റം' നടപ്പാക്കുന്നതിനെതിരെയുള്ള റിവ്യൂ ഹർജി കോടതിയിലിരിക്കെ പ്രസ്തുത സിസ്റ്റം അടിയന്തിരമായി നടപ്പാക്കാൻ ശ്രമിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ അസി:എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രൊമോഷൻ നടത്തുന്നതിന് ചട്ടപ്രകാരം 3:1 എന്ന അനുപാതം ആണ് നിലവിൽ ഉള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ഓരോ കാറ്റഗറിയിലേക്കും പ്രത്യേകമായുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നാണ് പ്രൊമോഷൻ നൽകിവരുന്നത്. കോമൺ സീനിയോറിറ്റി ലിസ്റ്റ് അപ്രായോഗികമാണ്.

(ബി) പൊതുമരാമത്ത് വകുപ്പിൽ 'സെവൻ ടയർ സിസ്റ്റം' നടപ്പാക്കിയതിനെ തുടർന്ന് ജീവനക്കാരിൽ നിന്നും സർവ്വീസ് സംഘടനകളിൽ നിന്നും ലഭിച്ചിട്ടുള്ള നിവേദനങ്ങളിൽ വിശദമായ പരിശോധന നടത്തി വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly